I/301036/2024

**തദ്ദേശ സ്വയം ഭരണ വകുപ്പ്**
**ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, എറണാകുളം.**
**സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം - 682 030**
**ഫോൺ: 0484 – 2422219, ഇ-മെയിൽ : jdlsgdekm@gmail.com**

**നമ്പർ: LSGD/JD/EKM/1883/2023-D9** **തീയതി: 30-05-2024**

**പ്രേക്ഷകൻ**
ജോയിന്റ് ഡയറക്ടർ & ചെയർമാൻ
സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി
തദ്ദേശ സ്വയംഭരണ വകുപ്പ് എറണാകുളം

**സ്വീകർത്താവ്**
കെ.എൽ.ജോസഫ്
കടുങ്ങാംപറമ്പിൽ വീട്
ചെറിയകടവ്, കണ്ണമാലി.പി.ഒ

സർ,

വിഷയം :- ത.സ്വ.ഭ.വകുപ്പ് - സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതി - ശ്രീ.കെ.എൽ ജോസഫ്, കടുങ്ങാംപറമ്പിൽ, കണ്ണമാലി നവകേരളാ സദസ്സിൽ സമർപ്പിച്ച പരാതി - സംബന്ധിച്ച്.

സൂചന :- (1) താങ്കൾ നവകേരളാ സദസ്സിൽ സമർപ്പിച്ച Docket No. EKM0800175 നമ്പർ പരാതി.
(2) കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ ഫോർട്ടുകൊച്ചി സോൺ അസി.എക്സി.എഞ്ചിനീയറുടെ 09/04/2024 ലെ FCP2/100/13 നമ്പർ റിപ്പോർട്ട്.
(3) സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതിയുടെ 22/05/2024 ലെ യോഗതീരുമാനം

************

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കൊച്ചി നഗരസഭ 11-ാം ഡിവിഷനിൽ കൊച്ചുപള്ളിക്കു സമീപം 2013ൽ കെട്ടിടനിർമ്മാണ പെർമിറ്റ് എടുത്ത് 2019ൽ പണി പൂർത്തീകരിച്ചിട്ടുള്ള മൂന്നു നില കെട്ടിടത്തിനു നമ്പർ അനുവദിച്ചിട്ടില്ലായെന്നും കെട്ടിടത്തിനു നമ്പറിട്ട് നൽകണമെന്നുമുള്ള താങ്കളുടെ നവകേരള സദസിൽ സമർപ്പിച്ച മേൽ സൂചന (1) പ്രകാരമുള്ള പരാതി സിറ്റിസൺ അസിസ്റ്റന്റ് സ്ഥിരം അദാലത്ത് ജില്ലാ സമിതിയുടെ പരിഗണനയിൽ വന്നിട്ടുള്ളതാണ്.

മേൽ പരാതി സംബന്ധിച്ച് കൊച്ചി നഗരസഭാ ഫോർട്ട് കൊച്ചി സോൺ അസി. എക്സി. എഞ്ചിനീയറുടെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിൽ ടി കെട്ടിടം പെർമിറ്റ്

I/301036/2024

പ്രകാരമല്ല നിർമ്മിച്ചിട്ടുള്ളതെന്നും പൂർത്തീകരണ പ്ലാൻ പ്രകാരം 59.83 ചതുരശ്ര മീറ്റർ അധികമായി നിർമ്മാണം നടത്തിയിട്ടുള്ളതായും KMBR ചട്ടം 23, 29, 42 മുതലായവ പാലിച്ചിട്ടില്ലായെന്നും പെർമിറ്റ് നൽകിയിട്ടുള്ളത് താഴത്തെ നിലയിൽ ഡോർമിട്രിയും ഒന്നാം നിലയിലും രണ്ടാം നിലയിലും റസിഡൻഷ്യൽ യൂണിറ്റുകളും നിർമ്മിക്കുന്നതിനായിരുന്നു എന്നും എന്നാൽ താഴത്തെ നിലയിൽ ഷോപ്പുകളും ഒന്നാം നിലയിലും രണ്ടാം നിലയിലും റസിഡൻഷ്യൽ യൂണിറ്റുകളും ആണ് നിർമ്മിച്ചിട്ടുള്ളത് എന്നും റോഡിൽ നിന്നുള്ള അകലം, പാർക്കിങ്ങ്, അംഗപരിമിതർക്കുള്ള പാർക്കിങ്ങ്, എന്നിവ ആവശ്യമായത് നൽകിയിട്ടില്ല എന്നും അംഗപരിമിതർക്കുള്ള ടോയ്ലറ്റ് സൌകര്യം ഏർപ്പെടുത്തിയിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൂടാതെ ടി കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് പ്ലോട്ടിന്റെ ഇരുവശത്തുള്ള റോഡിൽ നിന്നുമുള്ള അകലം നിയമപരമായി പാലിക്കുകയും CTP വിജിലൻസിന്റെ നിർദ്ദേശ പ്രകാരം CRZ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നും വശങ്ങളിലുള്ള റോഡിൽ നിന്നുള്ള അകലം പാലിക്കണമെന്നും നിലവിൽ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനാൽ സെറ്റ് ബാക്ക് ലഭിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള കെട്ടിടഭാഗം പൊളിച്ച് നീക്കേണ്ടതായി കാണുന്നുവെന്നും പ്ലോട്ടിന്റെ വശത്തുള്ള വഴി 7 5 മീറ്ററിൽ കൂടുതൽ നീളമുള്ളതിനാൽ 2 മീറ്റർ സെറ്റ് ബാക്ക് ലഭ്യമാക്കുന്നതിനായി കെട്ടിട ഭാഗം പൊളിച്ച് നീക്കേണ്ടതായി വരുന്നുവെന്നും സ്കീം പ്രകാരം റോഡ് വൈഡനിംഗ് ഉള്ളതായും അതിനാവശ്യമായ സ്ഥലം ഫ്രീസറണ്ടർ ചെയ്യുമെന്ന് പറഞ്ഞിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്ഥലം വിടാതെയാണ് നിർമ്മാണം നടത്തിയിട്ടുള്ളതെന്നും 5.5 മീറ്റർ സ്ഥലം വിടേണ്ട സ്ഥാനത്ത് 3.5 മീറ്റർ സ്ഥലം മാത്രമാണ് വിട്ടിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേൽ പരാമർശിച്ചതു പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമുള്ളതിനാൽ താങ്കളുടെ അപേക്ഷ പരിഗണിക്കുവാൻ നിർവ്വാഹമില്ല. മേൽ സാഹചര്യത്തിൽ മേൽ ചട്ടലംഘനങ്ങൾ പരിഹരിച്ച് അപേക്ഷ പുനസമർപ്പിക്കേണ്ടതാണെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ

SHAJI A V
ASSISTANT DIRECTOR

പകർപ്പ്: (1) സെക്രട്ടറി,കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

(2) അസി. എക്സി. എഞ്ചിനീയർ, ഫോർട്ടുകൊച്ചി സോൺ, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ

Signed by
Shaji A V
Date: 30-05-2024 17:40:51